# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2415**

09.03.2018-ലെ മറുപടി

### വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ജോയി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | വർക്കല മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് വേണ്ടി പെഴ്സ്പെക്ടീവ് പ്ലാൻ തയ്യാറാക്കിയതിനു ശേഷം പി.പി.ഡി. വിഭാഗം വഴി സർവേ നടപടികൾ ആരംഭിച്ചിട്ട് എത്ര മാസമായെന്ന് വ്യക്തമാക്കുമോ; | (എ) സർവ്വേ ജോലികൾ 05.12.2017-ന് ആരംഭിക്കുകയും 29.01.2018-ന് അവസാനിപ്പിക്കുകയും ചെയ്തു. |
| (ബി) | പള്ളിക്കൽ കുടിവെള്ള പദ്ധതിയ്ക്ക് വേണ്ടിയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് എത്ര കാലയളവ് വേണ്ടിവരുമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലയളവ് നിശ്ചയിച്ച് പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ? | (ബി) വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തിയാക്കി ഡ്രായിംഗ് തയ്യാറാക്കിയിട്ടുണ്ട്. വിതരണ പൈപ്പിന്റെ ഡിസൈൻ തയ്യാറാക്കുന്നതിന് 2 മാസം ആവശ്യമുണ്ട്. ഡിസൈൻ തയ്യാറാക്കിയശേഷം രണ്ടു മാസത്തിനകം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ